**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1023 02.12.2015 ൽ മറുപടിയ്ക്ക്

## പിന്നോക്ക ക്ഷേമ കോർപ്പറേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റ്റി. യു. കുരുവിള** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| എ) | പിന്നോക്ക ക്ഷേമ കോർപ്പറേഷൻ വഴി ഇപ്പോൾ നല്കി വരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | എ) | സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത കോർപ്പറേഷൻ വഴി നല്കുന്ന തൊഴിൽദാന പദ്ധതികളുടെ ലോൺ തുക ഉയർത്തുന്നതിനും ലോൺ തുകകൾ കൃത്യമായി അടച്ച് തീർക്കുന്നവർക്ക് 5% പലിശ ഇളവു നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; | ബി) | പരിശോധിക്കുന്നതാണ് |
| സി) | പ്രസ്തുത കോർപ്പറേഷൻ വഴി നല്കുന്ന തൊഴിൽദാന ലോൺ പദ്ധതിയിൽ 50,000 രൂപയ്ക്ക് ഒരു എംപ്ലോയി എന്നത് രണ്ട് ലക്ഷം രൂപയ്ക്ക് ഒരാൾ എന്ന നിലയിൽ പരിഷ്കരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) | നിലവിൽ രണ്ടരലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 30,000/- രൂപ അറ്റ ശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥ ജാമ്യത്തിന്മേലാണ് നല്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ

മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി
നടപ്പിലാക്കുന്ന പദ്ധതികൾ

### NBCFDC പദ്ധതികൾ

**1 സ്വയം തൊഴിൽ വായ്പ**

| | |
|---|---|
| പരമാവധി തുക. | - 10 ലക്ഷം രൂപ |
| പലിശ നിരക്ക് | - 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിനു മുകളിൽ 8% |
| തിരിച്ചടവ് കാലാവധി | - 2 ലക്ഷം രൂപ വരെ 60 മാസം |
| പ്രായ പരിധി | - 18നും - 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

**2 വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)**

| | |
|---|---|
| പരമാവധി തുക | - 1,00,000 രൂപ |
| പലിശ നിരക്ക് | - 5% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായ പരിധി | - 18നും - 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 40500, നഗരങ്ങളിൽ 51500 |

**3 സാക്ഷം (അംഗീകൃത പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ളവർക്കുള്ള സ്വയം തൊഴിൽ വായ്പ)**

| | |
|---|---|
| പരമാവധി തുക | - 10 ലക്ഷം രൂപ |
| പലിശ നിരക്ക് | - 5 ലക്ഷം രൂപ വരെ 6% , 5 ലക്ഷത്തിനു മുകളിൽ 8% |
| തിരിച്ചടവ് കാലാവധി | - 2 ലക്ഷം രൂപ വരെ 60 മാസം<br>2 മുതൽ 5 ലക്ഷം വരെ 72 മാസം |
| പ്രായ പരിധി | - 18നും - 35നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

**4 വിദ്യാഭ്യാസ വായ്പ (ഗവ: അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്ക്**

| | |
|---|---|
| | *കേരളത്തിൽ പഠിക്കുന്നതിന്*<br>7.5 ലക്ഷം രൂപ (പ്രതിവർഷം 1,50,000 രൂപ)<br>*ഇന്ത്യയിൽ പഠിക്കുന്നതിന്* |
| പരമാവധി തുക | - 10 ലക്ഷം രൂപ, പ്രതിവർഷം 200000 രൂപ നിരക്കിൽ<br>*വിദേശത്ത് പഠിക്കുന്നതിന്* |
| പരമാവധി തുക | - 20 ലക്ഷം രൂപ, പ്രതിവർഷം 500000 രൂപ നിരക്കിൽ |
| പലിശ നിരക്ക് | - ആൺകുട്ടികൾക്ക് 4%, പെൺകുട്ടികൾക്ക് 3.5% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായ പരിധി | - 16നും - 32നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

**5** **ശില്പ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആധുനിക സാങ്കേതിക വിദ്യകളിൽ വിദഗ്ധ പരിശീലനം നേടുന്നതിനും തൊഴിൽ സംരംഭത്തിനും**

| | | |
|---|---|---|
| പരമാവധി തുക | - 10 ലക്ഷം രൂപ | |
| പലിശ നിരക്ക് | - 5 ലക്ഷം രൂപ വരെ | - 6% |
| | 5 ലക്ഷത്തിനു മുകളിൽ | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം മുതൽ 84 മാസം വരെ | |
| പ്രായ പരിധി | - 18നും - 55നും മദ്ധ്യേ | |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 | |

**6** **ലഘു വായ്പ (NGO/CDS മുഖേന തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന്)**

| | |
|---|---|
| പരമാവധി തുക | - 50 ലക്ഷം രൂപ (CDS-ന്) (ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ) |
| പലിശ നിരക്ക് (ഗുണഭോക്താക്കൾക്ക്) | - 5% |
| തിരിച്ചടവ് കാലാവധി | - 36 മാസം |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

NGOകളെ പരിഗണിക്കുമ്പോൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്ക് കെ.എസ്.ബി.സി.ഡി.സി-യുടെ നിബന്ധനകൾ പ്രകാരം enlistment നടത്തിയാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നത്.

**7** **മഹിളാ സമൃദ്ധി യോജന (CDS മുഖേന – സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതി)**

| | |
|---|---|
| പരമാവധി തുക | - 50 ലക്ഷം രൂപ (CDS-ന്) (ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ) |
| പലിശ നിരക്ക് (ഗുണഭോക്താക്കൾക്ക്) | - 4% |
| തിരിച്ചടവ് കാലാവധി | - 36 മാസം |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

# ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

## NMDFC പദ്ധതികൾ

### 1 സ്വയം തൊഴിൽ വായ്പ

<u>പദ്ധതി – 1</u>

പരമാവധി തുക - 15 ലക്ഷം രൂപ
പലിശ നിരക്ക് - 6%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18നും 55നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

<u>പദ്ധതി – 2</u>

പരമാവധി തുക - 20 ലക്ഷം രൂപ
പലിശ നിരക്ക് - പുരുഷന്മാർ - 8% സ്ത്രീകൾ - 6%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18നും 55നും മദ്ധ്യേ
വാർഷിക വരുമാനപരിധി - 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്

### 2 വിദ്യാഭ്യാസ വായ്പ (ഗവൺമെന്റ് അംഗീകൃത ടെക്നിക്കൽ/ പ്രൊഫഷണൽ ഡിപ്ലോമ / ഡിഗ്രി കോഴ്സിന് പഠിക്കുന്നവർക്ക്)

<u>പദ്ധതി – 1</u>

***കേരളത്തിൽ പഠിക്കുന്നതിന്***

പരമാവധി തുക - 7.5 ലക്ഷം രൂപ
(പ്രതിവർഷം 1.5 ലക്ഷം രൂപ നിരക്കിൽ)

***ഇന്ത്യയിൽ പഠിക്കുന്നതിന്***

പരമാവധി തുക - 10 ലക്ഷം രൂപ
(പ്രതിവർഷം 2 ലക്ഷം രൂപ നിരക്കിൽ)

***വിദേശത്ത് പഠിക്കുന്നതിന്***

പരമാവധി തുക - 20 ലക്ഷം രൂപ
(പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ)
പലിശ നിരക്ക് - 3%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 16നും 32നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

പദ്ധതി - 2

*ഇന്ത്യയിൽ പഠിക്കുന്നതിന്*

പരമാവധി തുക - 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ)

*വിദേശത്ത് പഠിക്കുന്നതിന്*

പരമാവധി തുക - 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ നിരക്കിൽ)
പലിശ നിരക്ക് - ആൺകുട്ടികൾക്ക് - 8%, പെൺകുട്ടികൾക്ക് - 5%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 16നും 32നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

## 3 ലഘുവായ്പ (NGO/CDS മുഖേന- തൊഴിൽ സംരഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന്

പരമാവധി തുക - 25 ലക്ഷം രൂപ (NGO/CDS ന്)
(ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ)
പലിശ നിരക്ക് - NGO/CDS - 2% SHG - 7%
തിരിച്ചടവ് കാലാവധി - 36 മാസം
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

NGOകളെ പരിഗണിക്കുമ്പോൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്ക് കെ.എസ്.ബി.സി.ഡി.സി-യുടെ നിബന്ധനകൾ പ്രകാരം enlistment നടത്തിയാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നത്.

## KSBCDC പദ്ധതികൾ

### 1 വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ

| | |
|---|---|
| പരമാവധി തുക | - 100000 രൂപ |
| പലിശ നിരക്ക് | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 50നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 103000 രൂപയിൽ താഴെ |

### 2 പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ

| | |
|---|---|
| പരമാവധി തുക | - 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 103000 രൂപയിൽ താഴെ |

### 3 വ്യക്തിഗത വായ്പ

| | |
|---|---|
| പരമാവധി തുക | - 300000 രൂപ |
| പലിശ നിരക്ക് | - 11% |
| തിരിച്ചടവ് കാലാവധി | - 72 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 4 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ

| | |
|---|---|
| പരമാവധി തുക | - 500000 രൂപ |
| പലിശ നിരക്ക് | - 10% |
| തിരിച്ചടവ് കാലാവധി | - 60 മുതൽ 72 മാസം വരെ |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 5 സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

| | |
|---|---|
| പരമാവധി തുക | - 200000 രൂപ |
| പലിശ നിരക്ക് | - 10% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 6 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ

| | |
|---|---|
| പരമാവധി തുക | - 3 ലക്ഷം രൂപ |
| പലിശ നിരക്ക് | - 10.5 % |
| തിരിച്ചടവ് കാലാവധി | - പരമാവധി 72 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

**7** **പ്രവർത്തന മൂലധന വായ്പ (കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്തവർക്ക് വായ്പയുടെ തിരിച്ചടവിന് ശേഷം ബിസിനസ്സ് വികസിപ്പിക്കുന്നതിന്)**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 7% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**8** **വിദ്യാശ്രീ വായ്പ (ദേശീയ ഏജൻസികളുടെ പദ്ധതിപ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്)**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ (പ്രതിവർഷം 1 ലക്ഷം രൂപ നിരക്കിൽ) |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 16നും 32നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**9** **ബിസിനസ് ഡെവലപ്മെന്റ് വായ്പ (നിലവിലുള്ള ചെറുകിട ഇടത്തരം സംരംഭം വിപുലീകരിക്കുന്നതിന്)**

| | | |
|---|---|---|
| പരമാവധി തുക | - | 3 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായപരിധി | - | 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**10** **സുവർണ്ണശ്രീ (വിവിധോദ്ദേശ വായ്പ)**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**11** **സ്വയംതൊഴിൽ വായ്പ**

| | |
|---|---|
| പരമാവധി തുക | 10 ലക്ഷം രൂപ |
| പലിശ നിരക്ക് | 5 ലക്ഷം രൂപ വരെ 6%, അതിനുമുകളിൽ 8% |
| തിരിച്ചടവ് കാലാവധി | 72 മാസം |
| പ്രായപരിധി | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | 103000 രൂപയിൽ താഴെ |

## മറ്റു പ്രവർത്തനങ്ങൾ

**1 പ്രദർശനവും വിപണന മേളയും**

ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും, പ്രചരണത്തിനും വേണ്ടി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും ഇതര സർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാന / ദേശീയതല വിപണന മേളകളിൽ ഗുണഭോക്താക്കളെ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു.

**2 സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം**

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്ന മറ്റു പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വിവിധ മേഖലകളിൽ ഓരോ വർഷവും സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നു.

## ജാമ്യ വ്യവസ്ഥ

**വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിനുപുറമെ താഴെ ചേർക്കുന്ന ഏതെങ്കിലും ജാമ്യം നൽകേണ്ടതാണ്.**

1. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ സ്ഥിര നിക്ഷേപ പത്രങ്ങൾ, ദേശീയ സമ്പാദ്യ പദ്ധതി (NSC, LIC പോളിസി)
2. ഉദ്യോഗസ്ഥ ജാമ്യം
3. വസ്തു ജാമ്യം

ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഇവയിൽ ഏതു ജാമ്യവും ഹാജരാക്കാം. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഉദ്യോഗസ്ഥജാമ്യമോ വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്. 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വസ്തു ജാമ്യം മാത്രമേ സ്വീകരിക്കുകയുള്ളു.

**1 സ്ഥിര നിക്ഷേപം**

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നതാണ്. നിക്ഷേപം നടത്തിയിരിക്കുന്ന ബാങ്കിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. മറ്റൊരാളുടെ പേരിലുള്ള സ്ഥിര നിക്ഷേപമാണെങ്കിൽ, ജാമ്യമായി സ്ഥിര നിക്ഷേപം കോർപ്പറേഷനിൽ നിക്ഷേപിക്കുന്നതിനും, ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കുന്ന തുക വായ്പാ ബാധ്യത തീർക്കുന്നതിന് വിനിയോഗിക്കുന്നതിനും അനുമതി നൽകുന്ന സമ്മതപത്രം ഹാജരാക്കണം.

**എൽ.ഐ.സി പോളിസി**

പോളിസി സറണ്ടർ തുകയുടെ 80% വരെ വായ്പയായി അനുവദിക്കുന്നതാണ്. വായ്പാ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള പോളിസി മാത്രമേ സ്വീകരിക്കുകയുള്ളു. എൽ.ഐ.സി യിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

## ദേശീയ സമ്പാദ്യ പദ്ധതി (NSC)

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നു. വായ്പ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള നിക്ഷേപങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളു. പോസ്റ്റോഫീസിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

## 2 ഉദ്യോഗസ്ഥ ജാമ്യം

1. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, സംസ്ഥാന അടിസ്ഥാനത്തിലുള്ള apex സഹകരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, സർക്കാർ എയിഡഡ് സ്കൂളുകൾ, കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥിരം സേവനമനുഷ്ഠിക്കുന്നവരായിരിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും സ്വാകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും ജാമ്യം സ്വീകരിക്കുന്നതല്ല.

2. ജാമ്യക്കാരന് വായ്പയുടെ തിരിച്ചടവ് കാലാവധിയേക്കാൾ ഒരു വർഷം കൂടുതൽ സർവ്വീസ് ബാക്കി ഉണ്ടായിരിക്കേണ്ടതാണ്.

3. മൊത്ത ശമ്പളത്തിന്റെ 60% ൽ കൂടുതൽ റിക്കവറി ഉള്ള ശമ്പള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4. ജാമ്യക്കാരനായ ഉദ്യോഗസ്ഥന് വായ്പതുകയുടെ 12% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്. ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള മേലുദ്യോഗസ്ഥന്റെ സമ്മതപത്രം ഹാജരാക്കാത്തപക്ഷം വായ്പാ തുകയുടെ 20% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്.

5. ഒരു ഉദ്യോഗസ്ഥന്റെ മൊത്തശമ്പളം തികയാതെ വന്നാൽ ഒന്നിൽ കൂടുതൽ ഉദ്യോഗസ്ഥ ജാമ്യം പരിഗണിക്കാവുന്നതാണ്. 2.5 ലക്ഷത്തിനു മുകളിലുള്ള വായ്പയ്ക്ക് 2 ജാമ്യം അനിവാര്യമാണ്.

6. ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന വായ്പകൾക്ക്, അപേക്ഷകന് പ്രതിമാസ തിരിച്ചടവ് സംഖ്യയുടെ 3 ഇരട്ടിയെങ്കിലും മാസ അറ്റവേതനം ആവശ്യമാണ്.

7. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. (ഫോം 3 A)

8. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ തന്നെ ഡ്രോയിംഗ് ഓഫീസറാണെങ്കിൽ തൊട്ടു മുകളിലുള്ള ഓഫീസറുടെ മേലൊപ്പ് ശമ്പള സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

9. ജാമ്യക്കാരൻ ഗസറ്റഡ് ഉദ്യോഗസ്ഥനാണെങ്കിൽ ജാമ്യക്കാരന് തന്നെ ശമ്പളസർട്ടിഫിക്കറ്റ് ഒപ്പിടാവുന്നതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ട്രഷറിയുടെ പേരും, ഉദ്യോഗസ്ഥന്റെ ഓഡിറ്റ് നമ്പറും ശമ്പള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥൻ ജാമ്യക്കാരന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

10 കെ.എസ്.ഇ.ബി , പി.ഡബ്ല്യു.ഡി, കെ ഡബ്ല്യു.എ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ശമ്പള സർട്ടിഫിക്കറ്റിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിടേണ്ടതാണ്.

11. ജാമ്യക്കാരൻ എയിഡഡ് സ്കൂൾ/കോളേജിലെ ഉദ്യോഗസ്ഥനാണെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ് അതാത് സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ ഒപ്പിടേണ്ടതാണ്.

12. ശമ്പള സർട്ടിഫിക്കറ്റിൽ, സർട്ടിഫിക്കറ്റ് നൽകുന്ന ആളിന്റേയോ തൊട്ടു മുകളിലുള്ള ഉദ്യോഗ സ്ഥന്റെയോ പേര്, ഉദ്യോഗപേര്, ഓഫീസ് സീൽ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

13. ചില പൊതുമേഖല സ്ഥാപനങ്ങൾ/സ്വയം സംഭരണ സ്ഥാപനങ്ങൾ ഇവയിൽ ജോലി ചെയ്യുന്ന വരുടെ ജാമ്യം സ്വീകരിക്കുന്നതല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ വിശദവിരങ്ങൾ ഹെഡ് ഓഫീസിൽ നിന്നും കാലാകാലങ്ങളിൽ അറിയിക്കുന്നതാണ്.

## 3 വസ്തു ജാമ്യം

1. ജാമ്യ വസ്തുവിന്റെ മതിപ്പുവിലയുടെ 80% തുക വായ്പയായി അനുവദിക്കും.
2. വസ്തുജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ
   a. വസ്തുവിന്റെ അസൽ പ്രമാണം.
   b. മുൻ ആധാരം
   c. തഹസിൽദാർ/വില്ലേജ് ആഫീസർ/നിർദ്ദിഷ്ട KSBCDC ഉദ്യോഗസ്ഥൻ നൽകിയ വസ്തുവിന്റെ മതിപ്പുവില സർട്ടിഫിക്കറ്റ്/ ഫെയർ വാല്യ സർട്ടിഫിക്കറ്റ്
   d. വസ്തുവിന്റെ തന്നാണ്ടത്തെ കരം തീർത്ത രസീത്
   e. വില്ലേജ് ഓഫീസർ നൽകിയ നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
   f. വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ്
   g. വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്
   h. സബ് രജിസ്ട്രാറിൽ നിന്നുള്ള 13 വർഷത്തെ കുടിക്കിട സർട്ടിഫിക്കറ്റ്
   i. മറ്റൊരാളുടെ വസ്തുവാണെങ്കിൽ നൂറു രൂപ മുദ്രപത്രത്തിൽ ഉടമസ്ഥന്റെ സമ്മതപത്രം (നിർദ്ദിഷ്ട മാതൃകയിൽ)

KSBCDC

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1024

02.12.2015 ൽ മറുപടിയ്ക്ക്

## പിന്നോക്ക വികസന കോർപ്പറേഷൻ എസ്. എൻ. ഡി.പി യോഗത്തിന് നല്കിയ മൈക്രോ ക്രെഡിറ്റ് വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | കേരള പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും. എസ്. എൻ. ഡി. പി. യോഗത്തിന് ഇതേവരെയായി മൈക്രോ ക്രെഡിറ്റ് വായ്പയിനത്തിൽ എത്ര കോടി രൂപ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഇതുവരെയായി 15.89 കോടി രൂപ വായ്പ നല്കിയിട്ടുണ്ട്. |
| ബി) | വായ്പാതുക, നല്കിയ തീയതി, വായ്പാ നമ്പർ, എന്നിവ ഓരോ വർഷവും എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ; | ബി) | (see table below) |

| ക്രമ നമ്പർ | വായ്പാ നല്കിയ തീയതി | വായ്പാ നമ്പർ | വായ്പാ തുക |
|---|---|---|---|
| 1 | 31-03-2003 | 20103433 | 5000000 |
| 2 | 10-06-2004 | 20104635 | 5000000 |
| 3 | 20-11-2004 | 20105040 | 10000000 |
| 4 | 25-06-2005 | 20105689 | 10000000 |
| 5 | 31-03-2006 | 20106372 | 17500000 |
| 6 | 27-03-2008 | 20108896 | 20000000 |
| 7 | 25-08-2009 | 20110805 | 41000000 |
| 8 | 19-06- | 20116 | 50000000 |

| | | | |
|---|---|---|---|
| | | | 2014 300 |
| | | | ആകെ 158500000 |
| സി) | എസ്. എൻ. ഡി. പി. യോഗത്തിന് വേണ്ടി വായ്പാ കരാറിൽ ഒപ്പുവെച്ചതാരാണെന്നും ഇതുസംബന്ധിച്ച നിബന്ധയും, വായ്പയുടെ മാനദണ്ഡവും എന്തെല്ലാമാണെന്നും വിശദമാക്കുമോ? | സി) | ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനാണ് വായ്പാ കരാറിൽ ഒപ്പു വച്ചിട്ടുള്ളത്. വായ്പ സംബന്ധിച്ച നിലവിലുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br>1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾ വഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.<br>2. അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.<br>3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.<br>4. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000/- രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയിൽ താഴെയുമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.<br>5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.<br>6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000/- രൂപ. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1025

02.12.2015 ൽ
മറുപടിയ്ക്ക്

## പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വികസന വകുപ്പിൽ നിന്നും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ; | എ) | പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാവിധി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് റിവ്യൂ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | ബി) | പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ യഥാവിധി സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ മേഖലാ ഓഫീസർമാരുടെ പ്രതിമാസ യോഗം ചേരുകയും ഫീൽഡ്തല സന്ദർശനം നടത്തി സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2012-13

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1. | അഡ്വക്കേറ്റ്സ് ഗ്രാന്റ് | 376000 | 375000 | 50 |
| 2. | ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) | 800000000 | 269552000 | 123218 |
| 3. | സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം (90% CSS) | 100000000 | ടി പദ്ധതി കേന്ദ്ര ഗവൺമെന്റ് നേരിട്ട് നടപ്പാക്കുന്നതിനാൽ സ്റ്റേറ്റിന് ടി തുക ചെലവായിട്ടില്ല. (90% കേന്ദ്ര വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്). | |
| 4. | സ്ഥാപനങ്ങൾക്കുള്ള ധനസഹായം | 105000000 | 105000000 | |

## 2013-14

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1. | അഡ്വക്കേറ്റ്സ് ഗ്രാന്റ് | 1125000 | 1012500 | 135 |
| 2. | ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) | 235800000 | 235800000 | 160544 |
| 3. | സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം (90% CSS) | 1500000 | ടി പദ്ധതി കേന്ദ്ര ഗവൺമെന്റ് നേരിട്ട് നടപ്പാക്കുന്നതിനാൽ ടി തുക ചെലവായിട്ടില്ല. | - |
| 4. | ഓവർസീസ് സ്കോളർഷിപ്പ് | 20000000 | 268174 | 8 |
| 5. | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 50000000 | 45934332 | 2113 |
| 6. | ഓട്ടോമൊബൈൽ | 20000000 | 100960(പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി) | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1026** — **02.12.2015** ൽ മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ചിറ്റയം ഗോപകുമാർ** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) | അടൂർ നിയോജക മണ്ഡലത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം, ഗുണഭോക്താക്കളുടെ എണ്ണം, അടങ്കൽ തുക എന്നീ വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കുമോ? | എ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1030

02/12/2015ലെ
മറുപടിയ്ക്ക്

### പട്ടികജാതി സ്വയം സഹായ സംഘങ്ങൾ

| ചോദ്യം<br>ശ്രീ. വി.ശശി | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക<br>സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം ഓരോ വർഷവും എത്ര രൂപ നീക്കിവച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ)പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 540 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിലേയ്ക്കായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | എത്ര സംഘങ്ങൾ സഹായത്തിനായി നാളിതുവരെ അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | (ബി) അനുബന്ധം 1 ആയി ചേർക്കുന്നു |
| (സി) | സംഘങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ ; | (സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (ഡി) | സഹായം അനുവദിച്ചിട്ടില്ലാത്ത സംഘങ്ങളുടെ വിവരവും അതിന്റെ കാരണവും വിശദമാക്കുമോ ? | |

Sd/-

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ജില്ല | അപേക്ഷ നൽകിയ സംഘങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 82 |
| കൊല്ലം | 0 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| ഇടുക്കി | 3 |
| എറണാകുളം | 14 |
| തൃശൂർ | 14 |
| പാലക്കാട് | 1 |
| മലപ്പുറം | 0 |
| കോഴിക്കോട് | 4 |
| വയനാട് | 0 |
| കണ്ണൂർ | 0 |
| കാസർകോട് | 2 |
| **ആകെ** | **135** |

Bali K.J
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1034

02/12/2015-ലെ മറുപടിയ്ക്ക്

## സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം<br>**ശ്രീ.എ.കെ. ബാലൻ** | | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സ്വയംസഹായ സംഘങ്ങൾ മുഖേന പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് സഹായം ആവിഷ്കരിച്ചത്; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും നീക്കി വച്ചിരുന്നെന്നും ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപ അനുവദിച്ചതിൽ 192 ലക്ഷം രൂപയും, 2015-16-ൽ 540 ലക്ഷം രൂപ അനുവദിച്ചതിൽ 140 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര സംഘങ്ങൾക്ക് എത്ര വീതം തുക അനുവദിച്ചെന്നും സംഘം തിരിച്ച് വ്യക്തമാക്കുമോ; | (സി) (ഡി) & (ഇ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | തുക അനുവദിച്ച എല്ലാ സംഘങ്ങൾക്കും അത് നൽകിയിട്ടുണ്ടോ; എത്ര സംഘങ്ങൾക്ക് തുക നൽകി; തുക ലഭിച്ചവർ ഓരോ വർഷവും തുടങ്ങിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ; | | |
| (ഇ) | പ്രസ്തുത പദ്ധതിയിലേക്ക് നീക്കി വച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | | |

Sali. K.T

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1042

02.12.2015 -ലെ മറുപടിയ്ക്ക്

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുക**

| ചോദ്യം<br>**ശ്രീ. പുരുഷൻ കടലുണ്ടി** | | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | 2012 - 13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും, ചെലവഴിച്ച തുകയും എത്ര വീതമെന്ന് അറിയി ക്കുമോ; | (എ) | 2012-13,2013-14,2014-15 എന്നീ വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം 1 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| ബി) | 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയും , കേന്ദ്ര സർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും എത്ര വീതമായിരുന്നെന്നും അതിൽ എത്ര തുക ലാപ്സായിപ്പോയെന്നും അറിയിക്കുമോ? | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയും കേന്ദ്രസർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും അനുബന്ധം 2 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. |

Bala K.T

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## Details of Transfered schemes to LSGD

in lakh

| Sl No | Local Body | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 | |
|---|---|---|---|---|---|---|---|---|---|---|---|
| | | Amount | Expenditure | Amount | Expenditure | Amount | Expenditure | Amount | Expenditure | Amount | Expenditure upto 31/10/15 |
| 1 | Grama Panchayath | 0 | 0 | 100 | 161.71 | 50 | 16.43 | 65 | 9.31 | 40 | 3.12 |
| 2 | Block Panchayath | 42 | 42 | 42 | 54.65 | 85 | 47.5 | 115 | 51.33 | 235 | 52.65 |
| 3 | Dist Panchayath | 10 | 10 | 10 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | Municipality | 39.5 | 39.5 | 89.5 | 14.67 | 43.5 | 18.43 | 84 | 26.7 | 70 | 17.9 |
| 5 | Corporation | 13.5 | 13.5 | 33.5 | 1.21 | 16.5 | 1.48 | 80 | 0.39 | 35 | 1.34 |

Sali K J
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**Centrally Sponsored Scheme through Scheduled Caste Development Department during 2014-2015**

| Sl No. | Name of Scheme (in Lakhs) | State Share (in lakhs) | Central Share (in lakhs) | Total Allocation (in lakhs) | Expenditure (in lakhs) | Amount received as Central Share (in lakhs) | Lapsed/Surrended Amount (in lakhs) |
|---|---|---|---|---|---|---|---|
| | **Centrally Sponsored Scheme having 100% Central Assistance** | | | | | | |
| 1 | Post Matric Scholarship | 0 | 14500 | 14500 | 14447.17 | 4200 | - |
| 2 | Upgradation of Merits of SC students | 0 | 25 | 25 | 25 | 5.87 | - |
| 3 | Construction of Girl's Hostels(Postmatric)-Babu Jagjivan Ram Chhatrawas Yojana | 0 | 300 | 300 | 0 | nil | - |
| 4 | Pre matric Scholarships for students studying in Clasees IX-X | 0 | 2200 | 2200 | 2200 | 1159.33 | - |
| 5 | Pre matric Scholarships to the children of those who engaged in unclean occupation | 0 | 60 | 60 | 26.33 | 0.35 | - |
| | **Centrally Sponsered Schemes having 50% Central Assistance** | | | | | | |
| 6 | Construction of Boy's Hostels-Scheduled Castes | 400 | 400 | 800 | 0 | nil | - |
| 7 | Protection of Civil Rights and Enforcement of PCR Act | 800 | 800 | 1600 | 1236.72 | 1359.94 | - |
| | | 200 | 200 | 400 | 111.22 | | |
| 8 | Kerala State Development Coporation for Scheduled Castes and Scheduled Tribes (49% central share) | 1020 | 980 | 2000 | 1020 | 500 | |

Bali K.T
ഗസറ്റഡ് ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1047 02.12.2015 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | എ) | ഉണ്ട്.ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ കാമ്പയിൻ, ലണ്ടനിലെ 300 ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ കാമ്പയിൻ എന്നിവ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിനോദസഞ്ചാരികൾക്ക് യാത്രാക്കൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാനയാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി 'ഡെസ്റ്റിനേഷൻ പ്രൊമോഷൻ' എന്ന പേരിൽ ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28.8.2014 ൽ ധാരണാ പത്രം ഒപ്പ് വയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദസഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിസ-ഓൺ-അറൈവൽ എന്ന സംവിധാനം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഈ സംവിധാനത്തിൽ ആദ്യമായി വന്ന 12 രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കം റ്റു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചു വരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. നിലവിൽ 113 രാജ്യങ്ങൾ വിസ-ഓൺ-അറൈവൽ സംവിധാനത്തിൽ ഉൾപ്പെടുന്നു. ഓൺ ലൈൻ മുഖേന പ്രശസ്തരായ ബ്ലോഗ്ഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന 'ബ്ലോഗ്ഗേഴ്സ് കാമ്പയിൻ' എന്ന പ്രചാരണ പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ |

എത്തിക്കുന്നതിന് വകുപ്പ് ഇനി പറയുന്ന പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുകയും ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാൻഡിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർ പോർട്ട് ഡിസ് പ്ലേ, മുംബയ് നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാൻഡിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിന് കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉൽസവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.കൾ എന്നിവ നിർമ്മിക്കുക, കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകൾ തുടർച്ചയായി ലഭ്യമാക്കുക എന്നിവ നടത്തി വരുന്നു. വിപുലമായ രീതിയിൽ കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണാഘോഷം സംഘടിപ്പിക്കുന്നതോടൊപ്പം നിശാഗന്ധി ദേശീയ നൃത്തോത്സവം, കേരളത്തിലെ എല്ലാ ജില്ലകളിലും തനത് കലാരൂപങ്ങൾ കോർത്തിണക്കിയുള്ള ഉത്സവം എന്നീ പരിപാടികളും സംഘടിപ്പിക്കുന്നു. ജനുവരിയിലെ നിശാഗന്ധി ഫെസ്റ്റിവൽ, മാർച്ച് അവസാനം വരെ നീളുന്ന രണ്ടാമത് കൊച്ചി-മുസിരിസ് ബിനാലെ, ഏപ്രിൽ മാസത്തിൽ തൃശ്ശൂർ പൂരം, ഓഗസ്റ്റിൽ നെഹ്റു ട്രോഫി വള്ളം കളി, ഡിസംബറിൽ രാജ്യാന്തര ചലച്ചിത്രോൽസവം തുടങ്ങിയവ അവയിൽ ചിലതാണ്. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാൻഡിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ് ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം എന്നിവയും ആഗോളതലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറു മാസത്തെ പാസ്പോർട്ടുള്ള മേൽപ്പറയുന്ന രാജ്യങ്ങളിൽ നിന്നുള്ള

| | | | |
|---|---|---|---|
| | | | സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ<br>ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക.<br>ഈ പുതിയ പ്രചാരണ പരിപാടിക്കു കീഴിൽ പടിഞ്ഞാറൻ<br>രാജ്യങ്ങളിൽ നിന്നും കിഴക്കൻ രാജ്യങ്ങളിൽ നിന്നും പുതിയ<br>വിപണികൾ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. ബ്രിട്ടൻ.<br>ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ പരമ്പരാഗത<br>വിപണികളിൽ നിന്ന് ട്രേഡ് ഫെയറുകളും റോഡ്ഷോകളും വഴി<br>കൂടുതൽ പേരെ ആകർഷിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ<br>നടത്തും. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും<br>ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ<br>വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു. വർദ്ധിച്ച വരുന്ന വിമാന<br>സേവനങ്ങൾ ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പ്രവാസി<br>കേരളീയർ 90 ശതമാനവും വസിക്കുന്ന മധ്യപൂർവ്വേഷ്യൻ<br>രാജ്യങ്ങളിൽ ആയുർവ്വേദത്തിലും കാലവർഷത്തിലും ശ്രദ്ധ<br>കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച വരുന്നു.<br>ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കു<br>വേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ<br>തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ നടത്തി വരുന്നത്.<br>വിനോദ സഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി<br>വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇന്ത്യയിൽ ഓഫ് സീസൺ<br>പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്.ആയുർവ്വേദം, സ്പൈസ്<br>റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ,<br>എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരിക<br>മേളകൾ, സാഹസിക വിനോദ സഞ്ചാരം, സൈക്ളിംഗ് തുടങ്ങി<br>കേരള ടൂറിസത്തിന്റെ ഉൽപന്നങ്ങളുടെ പ്രചാരണങ്ങൾ വിസിറ്റ്<br>കേരള 2015-പദ്ധതിയിൽ ഉണ്ട്. ജർമ്മനി പോലുള്ള<br>തെരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര, ദേശീയ വിപണികളിൽ "കേരള-<br>ഹോം ഓഫ് ആയുർവേദ" പ്രചാരണ പരിപാടിയുടെ രണ്ടാംഘട്ടവും<br>സംഘടിപ്പിക്കുന്നു.സംസ്ഥാനത്തെ പൈതൃക വിനോദസഞ്ചാരം<br>പ്രചരിപ്പിക്കുന്നതിനായി രാജ്യാന്തര പ്രചാരണ പരിപാടികളിൽ<br>സ്പൈസ് റൂട്ട്, മുസ്സിരിസ് പൈതൃകങ്ങളെയും ഉൾപ്പെടുത്തുന്നുണ്ട്.<br>ഉൽസവങ്ങളുടെയും പരിപാടികളുടെയും സംക്ഷിപ്ത<br>വിവരങ്ങളടങ്ങിയ കലണ്ടർ തയ്യാറാക്കി ഇന്ത്യ ടൂറിസം<br>ഓഫീസുകളും വിദേശങ്ങളിലെ ഇന്ത്യൻ എംബസികളും പോലുള്ള<br>വിവിധ വഴികളിലൂടെ പ്രചാരണം നൽകും. ഓൺലൈൻ<br>പ്രചാരണത്തിലൂടെ കേരളത്തെ വിവാഹ-ടൂറിസം, മൈസ് ടൂറിസം<br>എന്നിവയുടെ പ്രധാന ലക്ഷ്യസ്ഥാനമാക്കി ഉയർത്തിക്കാട്ടും.<br>ഇതിനായി ടൂറിസം വകുപ്പ് വിവാഹസ്ഥലങ്ങളുടെ വിവരശേഖരം<br>തയ്യാറാക്കി വരുന്നു. യുവാക്കളെയും വിദ്യാർത്ഥികളെയും<br>ആകർഷിക്കുന്നതിനായി ഇതോടൊപ്പം സാഹസിക, സൈക്ളിംഗ്<br>അവധിക്കാലങ്ങളും പ്രചാരണത്തിൽ ഉൾപ്പെടുത്തും.2015ൽ<br>അവധിക്കാലം ചെലവഴിക്കുന്നതിനായി കേരളത്തിലെത്തുന്ന<br>വിനോദ സഞ്ചാരികൾക്കായി വിസിറ്റ് കേരള മത്സരങ്ങൾ<br>നടത്തുകയും ആകർഷകങ്ങളായ സമ്മാനങ്ങളും കോംപ്ളിമെന്ററി<br>ഹോളിഡേകളും നൽകുകയും ചെയ്യും. മത്സരങ്ങൾക്കൊപ്പം. |

| | | | |
|---|---|---|---|
| | | | ഉൽസവങ്ങളേയും പരിപാടികളേയും ഉയർത്തിക്കാട്ടി, 2015 കേരളം സന്ദർശിക്കാനുള്ള ഏറ്റവും നല്ല സമയമാണെന്ന പ്രചാരണം സോഷ്യൽ മീഡിയ വഴിയും മറ്റ് ഓൺലൈൻ മാധ്യമങ്ങളിലൂടെയും നടത്തിവരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ഇവിടേക്കുള്ള പ്രവാഹം വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തേയും ഇവിട്ടുത്തെ പ്രധാന ആകർഷണങ്ങളേയും ഉയർത്തിക്കാട്ടുന്ന വിഷയാധിഷ്ഠിത പ്രചാരണ പരിപാടികളും തുടങ്ങുന്നുണ്ട്. മെട്രോകളിലും സമീപ നഗരങ്ങളിലും ആഴ്ചാവസാന പ്രചാരണങ്ങളും മറ്റും സംഘടിപ്പിക്കുന്നുണ്ട്.ഉത്തരവാദ ടൂറിസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി, പ്രാദേശിക സമൂഹങ്ങളെ വിനോദ സഞ്ചാരത്തിലേയ്ക്കും അതിന്റെ സാധ്യതകളിലേക്കും ക്ഷണിക്കുകയെന്ന ലക്ഷ്യത്തോടെ "ദൈവത്തിന്റെ സ്വന്തം നാട് - ജനങ്ങളുടെ സ്വന്തം ടൂറിസം" എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്രചാരണങ്ങൾ നടത്തി വരുന്നു. ലക്ഷ്യ സ്ഥാന വികസന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ലക്ഷ്യസ്ഥാനങ്ങളിൽ വ്യവസായ നേതൃത്വ ശുചീകരണ പരിപാടികൾക്കുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കി വരുന്നു. അതോടൊപ്പം തലസ്ഥാനത്ത് ഹോപ്പ്-ഓൺ-ഹോപ്-ഓഫ് ബസ്സ് അവതരിപ്പിക്കും. രാജ്യാന്തര ട്രേഡ് ഫെയറുകളിലെ വ്യാപാര പങ്കാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം ആഭ്യന്തര വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന ആഭ്യന്തര വിമാന സർവ്വീസുകളിൽ ടൂർ പാക്കേജുകളും നടപ്പാക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനം പുതിയ സുവനീറുകൾ ബ്രാൻഡ് ചെയ്ത് വിനോദസഞ്ചാരികൾക്ക് വേണ്ടി വിപണിയിലെത്തിക്കും. കേരള ടൂറിസത്തിന്റെ വിവര ഉൽപന്ന ബ്രോഷറുകൾ നവീകരിക്കാനുള്ള പ്രയത്നവും വിസിറ്റ് കേരള 2015 വഴി ലക്ഷ്യമിടുന്നു. |
| ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽപദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. |
| സി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | സി) | മേൽപറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം ഉണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1055

02.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ്** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | നടപ്പ് വർഷം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2015 ഡിസംബർ 1 മുതൽ 2016 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2015 ഡിസംബർ 1 ന് കൊല്ലത്ത് ബഹു.മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | കേരളത്തിന്റെസ്വന്തമായ വ്യപാരോത്സവത്തിലൂടെ സംസ്ഥാനത്തിനെ ഒരു വ്യാപാര കേന്ദ്രമാക്കി മാറ്റാനും, ഒരു രണ്ടാം വ്യാപാരകാലയളവ് സൃഷ്ടിക്കാനും വേണ്ടിയാണ് ജി.കെ.എസ്.എഫ് സംഘടിപ്പിച്ചു വരുന്നത്. ഓൺലൈൻ വ്യാപാര രംഗത്തെ ശക്തമായ ഇടപെടലിനെ അതിജീവിച്ച് സംസ്ഥാനത്തെ വ്യാപാരികൾക്ക് അവരുടെ സ്ഥാപനത്തിലേക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ഈ വ്യാപരോത്സവം ലക്ഷ്യമിടുന്നു. |
| സി) | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ; | സി) | ഇതിനായി സർക്കാർ 15 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫെസ്റ്റിവലിന്റെ നിർവാഹക സമിതിയുടെ നിർദ്ദേശമനുസരിച്ച് വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടന്നു വരുന്നു. എല്ലാ വ്യാപാരിസംഘടനകളുടേയും പിൻതുണ ഇത്തവണ ജി.കെ.എസ്.എഫിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1056 | 02.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.എളമരം കരീം</th><th colspan="2">ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി</th></tr>
<tr><td>എ)</td><td>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നൽകിയ തുക എത്ര; വിശദമാക്കുമോ;</td><td>എ)</td><td>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നൽകിയ തുക താഴെ കൊടുത്തിരിക്കുന്നു.<br>
<table><tr><th>വർഷം</th><th>തുക</th></tr>
<tr><td>2011-12</td><td>25 കോടി</td></tr>
<tr><td>2012-13</td><td>25 കോടി</td></tr>
<tr><td>2013-14</td><td>10 കോടി</td></tr>
<tr><td>2014-15</td><td>10 കോടി</td></tr>
<tr><td>2015-16</td><td>15 കോടി വകയിരുത്തിയിട്ടുണ്ട്</td></tr></table></td></tr>
<tr><td>ബി)</td><td>ഫെസ്റ്റിവലിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ വിശദമാക്കുമോ; ഓരോ വർഷവും ഫെസ്റ്റിവൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ചെലവുകൾ നേരിട്ടത് ഏതെല്ലാം കാര്യങ്ങൾക്കായിരുന്നുവെന്നും പ്രതീക്ഷിച്ച വരവ് ലഭിക്കാതിരുന്നത് ഏതെല്ലാം മേഖലയിൽ നിന്നാണെന്നും വിശദമാക്കുമോ;</td><td>ബി)</td><td>ഫെസ്റ്റിവലിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്.<br>I.
<table><tr><th>വർഷം</th><th>വരവ്</th><th>ചെലവ്</th></tr>
<tr><td>2011-12</td><td>3861</td><td>4202</td></tr>
<tr><td>2012-13</td><td>4167.22</td><td>4588.51</td></tr>
<tr><td>2013-14</td><td>2449.05</td><td>2581.26</td></tr>
<tr><td>2014-15</td><td>1816.79</td><td>2252.86</td></tr></table>
II. ഓരോ വർഷവും പ്രതീക്ഷിച്ച വരവ് ലഭിക്കാതിരുന്ന ഇനത്തിന്റേയും ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ചെലവ് നേരിട്ട ഇനത്തിന്റേയും വ്യത്യാസം അനുബന്ധം-1-ൽ കാണിച്ചിരിക്കുന്നു. (നെഗറ്റീവ് തുക പ്രതീക്ഷിച്ചതിനേക്കാൾ കുറവിനേയും പോസിറ്റീവ് തുക കൂടുതലിനേയും കാണിക്കുന്നു.)</td></tr>
<tr><td>സി)</td><td>ഓരോ വർഷവും മൊത്തം ചെലവിന്റെ എത്ര ശതമാനം വീതം നടത്തിപ്പിനും</td><td>സി)</td><td>ഉത്തരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു</td></tr>
</table>

| | | | |
|---|---|---|---|
| | സമ്മാനങ്ങൾക്കും പരസ്യങ്ങൾക്കും ഏജൻസികൾക്കും ഉദ്ഘാടന-സമാപന പരിപാടികൾക്കും വേണ്ടി ചെലവഴിക്കപ്പെട്ടെന്ന് വിശദമാക്കുമോ; | | |
| ഡി) | ഓരോ വർഷവും സ്പോൺസർഷിപ്പിലൂടെ പ്രതീക്ഷിച്ച തുകയും ലഭ്യമായ തുകയും വ്യക്തമാക്കുമോ ? | | (see table below) |

| വർഷം | പ്രതീക്ഷിച്ച തുക | ലഭ്യമായ തുക |
|---|---|---|
| 2014-15 | 650.00 കോടി | 111.00 കോടി |
| 2013-14 | 600.00 കോടി | 331.00 കോടി |
| 2012-13 | 2250.00 കോടി | 691.50 കോടി |
| 2011-12 | 500.00 കോടി | 460.00 കോടി |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

2011-12

## വരവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ. ലക്ഷത്തിൽ) | യഥാർത്ഥ വരുമാനം (രൂപ. ലക്ഷത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| സ്പോൺസർഷിപ്പ് | 500.00 | 460.00 | -40 |
| രജിസ്ട്രേഷൻ | 400.00 | 207.00 | -193 |
| കൂപ്പൺ വിൽപന | 600.00 | 694.00 | 94 |
| ഗവൺമെന്റ് ഗ്രാൻഡ് | 3500.00 | 2500.00 | -1000 |
| *ആകെ* | **5000.00** | **3861.00** | **-1139** |

## ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (രൂപ. ലക്ഷത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| മാർക്കറ്റിങ്ങ് | 1704.25 | 1323.00 | -381.25 |
| പ്രിൻഡിങ്ങ് | 400.00 | 599.00 | 199 |
| ലോജിസ്റ്റിക്സ് | 223.25 | 388.00 | 164.75 |
| ഇൻഷുറൻസ് | 300.00 | 362.00 | 62 |
| സമ്മാനം | 2300.00 | 1434.00 | -866 |
| ഐ.ടി.സോലുഷൻ | - | 26.00 | 26 |
| ഭരണ നിർവഹണം | 72.50 | 70.00 | -2.5 |
| *ആകെ* | *5000.00* | *4202.00* | *-798* |

## 2012-13

### വരവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത വരുമാനം (രൂപ ലക്ഷ ത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| സ്പോൺസർഷിപ്പ് | 2250.00 | 691.50 | -1558.5 |
| രജിസ്ട്രേഷൻ | 350.00 | 258.15 | -91.85 |
| കൂപ്പൺ വിൽപന | 1500.00 | 665.84 | -834.16 |
| ഗവൺമെന്റ് ഗ്രാൻഡ് | 2500.00 | 2500.00 | 0 |
| മറ്റു വരുമാനങ്ങൾ | - | 51.73 | 51.73 |
| ആകെ | **6600.00** | **4167.22** | **-2432.8** |

### ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത ചെലവ്(രൂപ. ലക്ഷത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| പി.ആർ | 1500.00 | 1455.56 | -44.44 |
| മാർക്കറ്റിങ്ങ് | 700.00 | 400.82 | -299.18 |
| ലോജിസ്റ്റിക്സ് | 500.00 | 496.94 | -3.06 |
| ഇവന്റ്സ് | 700.00 | 483.47 | -216.53 |
| സമ്മാനം | 3000.00 | 1620.56 | -1379.44 |
| ഐ.ടി.സോലൂഷൻ | 100.00 | 53.16 | -46.84 |
| ഓഫീസ് നിർവഹണം | 100.00 | 78.00 | -22 |
| ആകെ | ***6600.00*** | ***4588.51*** | ***-2011.49*** |

# 2013-14

## വരവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത വരുമാനം (രൂപ ലക്ഷ ത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| സ്പോൺസർഷിപ്പ് | 600.00 | 331.00 | -269 |
| രജിസ്ട്രേഷൻ | nil | nil | 0 |
| കൂപ്പൺ വിൽപന | 900.00 | 1092.98 | 192.98 |
| ഗവൺമെന്റ് ഗ്രാൻഡ് | 1500.00 | 1000.00 | -500 |
| മറ്റു വരുമാനങ്ങൾ | - | 25.07 | 25.07 |
| *ആകെ* | **3000.00** | **2449.05** | -550.95 |

## ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത ചെലവ്(രൂപ. ലക്ഷത്തിൽ) | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| പി.ആർ | 1000.00 | 1110.25 | 354.36 |
| മാർക്കറ്റിങ്ങ് | | 244.11 | |
| ലോജിസ്റ്റിക്സ് | nil | 120.74 | 120.74 |
| ഇവന്റ്സ് | 300.00 | 103.00 | -197 |
| സമ്മാനം | 1500.00 | 927.16 | -572.84 |
| ഡി.പി.ഇവാല്യു ഷൻ | 100.00 | 9.89 | -90.11 |
| ഓഫീസ് നിർവഹണം | 100.00 | 66.11 | -33.89 |
| ആകെ | ***3000.00*** | ***2581.26*** | *-418.74* |

S.O

അനുബന്ധം- 1

# 2014-15

## വരവ്

| ഇനം | *അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ)* | *യഥാർത്ത വരുമാനം (രൂപ ലക്ഷത്തിൽ)* | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| സ്പോൺസർഷിപ്പ് | 650.00 | 111.00 | -539.00 |
| രജിസ്ട്രേഷൻ | 150.00 | 94.41 | -55.59 |
| കൂപ്പൺ വിൽപന | 800.00 | 509.51 | -290.49 |
| ഗവൺമെന്റ് ഗ്രാൻഡ് | 1500.00 | 1000.00 | -500.00 |
| മറ്റു വരുമാനങ്ങൾ | - | 101.85 | 101.85 |
| *ആകെ* | ***3100.00*** | ***1816.77*** | ***-1283.23*** |

## ചെലവ്

| ഇനം | *അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ)* | *യഥാർത്ത ചെലവ് (രൂപ.ലക്ഷത്തിൽ)* | അംഗീകരിച്ച ബജറ്റുമായുള്ള വ്യത്യാസം |
|---|---|---|---|
| പി.ആർ | 1100.00 | 1197.57 | 97.57 |
| മാർക്കറ്റിങ്ങ് | 300.00 | 35.95 | -264.05 |
| ലോജിസ്റ്റിക്സ് | 300.00 | 130.49 | -169.51 |
| ഈവന്റ്സ് | 150.00 | 80.64 | -69.36 |
| സമ്മാനം | 1100.00 | 718.55 | -381.45 |
| ഐ.ടി.സൊല്യൂഷൻ | 50.00 | 7.40 | -42.6 |
| ഭരണ നിർവഹണം | 100.00 | 82.26 | -17.74 |
| *ആകെ* | ***3100.00*** | ***2252.86*** | ***-847.14*** |

അനുബന്ധം - 2

# 2011-12

ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (രൂപ ലക്ഷത്തിൽ) | മൊത്തം ചെലവിന്റെ ശതമാനത്തിൽ |
|---|---|---|---|
| മാർക്കറ്റിങ്ങ് | 1704.25 | 1323.00 | 31.48 |
| പ്രിൻ്റിങ്ങ് | 400.00 | 599.00 | 14.25 |
| ലോജിസ്റ്റിക്സ് | 223.25 | 388.00 | 9.23 |
| ഈവൻ്റ്സ് | 300.00 | 362.00 | 8.62 |
| സമ്മാനം | 2300.00 | 1434.00 | 34.12 |
| ഐ.ടി.സോലുഷൻ | - | 26.00 | 0.63 |
| ഭരണ നിർവഹണം | 72.50 | 70.00 | 1.67 |
| ആകെ | **5000.00** | **4202.00** | **100** |

## 2012-13

ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത ചെലവ് (രൂപ. ലക്ഷത്തിൽ) | മൊത്തം ചെലവിന്റെ ശതമാനത്തിൽ |
|---|---|---|---|
| പി.ആർ | 1500.00 | 1455.56 | 31.72 |
| മാർക്കറ്റിങ്ങ് | 700.00 | 400.82 | 8.73 |
| ലോജിസ്റ്റിക്സ് | 500.00 | 496.94 | 10.84 |
| ഇവന്റ്സ് | 700.00 | 483.47 | 10.54 |
| സമ്മാനം | 3000.00 | 1620.56 | 35.32 |
| ഐ.ടി.സോല്യൂഷൻ | 100.00 | 53.16 | 1.16 |
| ഭരണ നിർവഹണം | 100.00 | 78.00 | 1.69 |
| *ആകെ* | ***6600.00*** | ***4588.51*** | ***100*** |

S.O

## 2013-14

ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (രൂപ. ലക്ഷത്തിൽ) | മൊത്തം ചെലവിന്റെ ശതമാനത്തിൽ |
|---|---|---|---|
| പി.ആർ | 1000.00 | 1110.25 | 43.01 |
| മാർക്കറ്റിങ്ങ് | | 244.11 | 9.46 |
| ലോജിസ്റ്റിക്സ് | 0 | 120.74 | 4.68 |
| ഇവന്റ്സ് | 300.00 | 103.00 | 3.99 |
| സമ്മാനം | 1500.00 | 927.16 | 35.92 |
| ഐ.ടി.സോലുഷൻ | 100.00 | 9.89 | 0.38 |
| ഭരണ നിർവഹണം | 100.00 | 66.11 | 2.56 |
| *ആകെ* | ***3000.00*** | ***2581.26*** | ***100*** |

S.O

അനുബന്ധം - 2

# 2014-15

ചെലവ്

| ഇനം | അംഗീകരിച്ച ബജറ്റ് (രൂപ ലക്ഷത്തിൽ) | യഥാർത്ത ചെലവ്(രൂപ.ലക്ഷത്തിൽ) | മൊത്തം ചെലവിന്റെ ശതമാനത്തിൽ |
|---|---|---|---|
| പി.ആർ | 1100.00 | 1197.57 | 53.16 |
| മാർക്കറ്റിങ്ങ് | 300.00 | 35.95 | 1.59 |
| ലോജിസ്റ്റിക്സ് | 300.00 | 130.49 | 5.78 |
| ഗ്രാന്റ്സ് | 150.00 | 80.64 | 3.58 |
| സമ്മാനം | 1100.00 | 718.55 | 31.89 |
| ഐ.ടി.സൊല്യൂഷൻ | 50.00 | 7.40 | 0.35 |
| ഭരണ നിർവഹണം | 100.00 | 82.26 | 3.65 |
| *ആകെ* | ***3100.00*** | ***2252.86*** | ***100*** |

[illegible]

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1057 — 02.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുക വഴി ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായായിരുന്നു; നിക്ഷേപ-പ്രയോജനം വിശദമാക്കാമോ; | ബി) | കേരളത്തിനെ അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിലെ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.<br>നിക്ഷേപ-പ്രയോജനം:-<br>കേരളത്തിന്റെ വ്യാപാര മേഖലയിൽ ഒരു രണ്ടാം വ്യാപാരകാലം സൃഷ്ടിക്കുന്നതിന് ജി.കെ.എസ്.എഫിന് കഴിഞ്ഞിട്ടുണ്ട്. അതേ പോലെ കേരളത്തിലെ ഉൽപന്നങ്ങൾക്ക് പ്രത്യേകിച്ചും കരകൗശ മേഖലയിൽ ഒരു പുത്തൻ ഉണർവുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. |
| സി) | ലക്ഷ്യം കൈവരിക്കുന്നതിനായി, ജി. കെ. എസ്. എഫിന്റെ പ്രവർത്തനത്തിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്; വിശദമാക്കാമോ; | സി) | കേരളത്തിന് പുറത്തും, വിദേശത്തും കൂടുതൽ പ്രചരണം നൽകി സംസ്ഥാനത്തിന് പുറത്ത് നിന്നും ഉപഭോക്താക്കളെ ആകർഷിക്കേണ്ടതുണ്ട്. കൂടാതെ വിനോദസഞ്ചാരികൾക്ക് അവരുടെ അഭിരുചിയ്ക്ക് അനുസരിച്ചുള്ള കേരള ഉൽപ്പന്നങ്ങൾ ലഭ്യമാക്കണം. വ്യാപാരസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും അന്തർദേശീയ ബ്രാൻഡുകളുടെ പിൻതുണയും ഉണ്ടാക്കണം. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വിവിധ മേഖലകളുടെ ഏകോപനവും ആവശ്യമാണ് അതനുസരിച്ച് ജി.കെ.എസ്.എഫിന്റെ പ്രവർത്തനം ശക്തിപ്പെടും. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1075 **03.12.2015** -ലെ മറുപടിയ്ക്ക്

## ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ്

*ചോദ്യം*
ശ്രീ. ഷാഫി പറമ്പിൽ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതുതായി ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്റെ നിലവിലെ അവസ്ഥ എന്താണ്; | (എ) & (ബി) | ഗവ. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമ്പോൾ ആറ്റിങ്ങൽ ഗവ. കോളേജിൽ ബി.എ. ഇസ്ലാമിക് ഹിസ്റ്ററി കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച വിഷയവും പരിശോധിക്കുന്നതാണ്. |
| (ബി) | ബന്ധപ്പെട്ട ഫയലിൽ (ഫയൽ നമ്പർ **25922/B3/H education/15 dt. 13.8.2015**) പ്രസ്തുത ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1085

03.12.2015 ൽ മറുപടിക്ക്

## എയ്ഡഡ് കോളേജുകൾ

**ചോദ്യം**
**ശ്രീ. കെ വി അബ്ദുൾ ഖാദർ**

**മറുപടി**
**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം സമുദായ മാനേജ്മെന്റുകൾക്ക് കീഴിൽ എത്ര കോളേജുകൾ വീതം പ്രവർത്തിക്കുന്നു; | (എ)180 കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) എല്ലാ കോളേജുകളിലും കൂടി അനുവദിക്കപ്പെട്ട മൊത്തം തസ്തികകൾ എത്ര; മാനേജ്മെന്റുകൾക്ക് സർക്കാർ അനുവദിച്ച തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഏതെങ്കിലും നിലയിൽ ഉദ്യോഗാർത്ഥികളിൽ നിന്നും പണം വാങ്ങാൻ അനുവാദം നല്കിയിട്ടുണ്ടോ; നിയമനവ്യവസ്ഥകൾ വിശദമാക്കാമോ; | (ബി) എല്ലാ കോളേജുകളിലും കൂടി അനുവദിക്കപ്പെട്ട ആകെ തസ്തികകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനത്തിനു പണം വാങ്ങുവാൻ അനുവാദം നൽകിയിട്ടില്ല. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നു. |
| (സി) മാനേജ്മെന്റുകൾ നിയമനത്തിന് മുൻപും ശേഷവും ഉദ്യോഗാർത്ഥികളിൽ നിന്ന് നിയമനത്തിന് പണം വാങ്ങുന്നില്ലന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | (സി) നിയമനങ്ങൾക്ക് പണം കൈപ്പറ്റുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല |
| (ഡി) നിയമവിരുദ്ധമായി പണം വാങ്ങി നിയമനവും പ്രവേശനവും നടത്തിയ ഏതെങ്കിലും എയ്ഡഡ് മാനേജ്മെന്റിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| ആർട്സ് & സയൻസ് കോളേജുകൾ | - | 152 |
| ട്രെയിനിംഗ് കോളേജുകൾ | - | 17 |
| അറബിക് കോളേജുകൾ | - | 11 |
| ആകെ | - | 180 |

| | | |
|---|---|---|
| എൻ.എസ്.എസ് മാനേജ്മെന്റ് | - | 15 |
| എസ്.എൻ ട്രസ്റ്റ് | - | 14 |
| ട്രാവൻകൂർ ദേവസ്വം ബോർഡ് | - | 4 |
| മലങ്കര സിറിയൻ കാതോലിക് മാനേജ്മെന്റ് | - | 3 |
| എം.ഒ.സി മാനേജ്മെന്റ് | - | 3 |
| എം.ഇ.എസ് | - | 7 |
| കോതമംഗലം ഡയോസിസ് | - | 2 |
| ഗുരുവായൂർ ദേവസ്വം ബോർഡ് | - | 2 |
| എസ്.എൻ.ഡി.പി യോഗം | - | 2 |
| ജെയ് ക്രിസ്റ്റോ മാനേജ്മെന്റ് | - | 1 |

മറ്റുള്ളവ സിംഗിൾ മാനേജ്മെന്റ് കോളേജുകളാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1098 03.12.2015 -ലെ മറുപടിയ്ക്ക്

### സർക്കാർ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ ആയത് ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ്പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കോളേജുകൾ ആരംഭിച്ചു; ബാക്കിയുള്ളവ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | 17 ഗവ.കോളേജുകളും ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. മലമ്പുഴ, ആലത്തൂർ എന്നീ രണ്ട് നിയോജകമണ്ഡലങ്ങളിൽ നിന്നു പ്രൊപ്പോസലുകൾ കിട്ടിയിട്ടില്ല. വൈപ്പിനിൽ കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച ശുപാർശയിൻമേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന അധിക വിവരങ്ങൾ ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കരുനാഗപ്പള്ളിയിൽ ഗവ. കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രോപ്പോസൽ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1109 03.12.2015-ൽ മറുപടിയ്ക്ക്

### സ്കൂളുകൾ എയിഡഡ് ആയി ഉയർത്തുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് ആയി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങൾ എയിഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറായിട്ടില്ല. |
| (സി) | ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള പ്രധാന കാര്യങ്ങൾ ഗവൺമെന്റ് ചിലവിൽ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയിഡഡ് ആയി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015, സ.ഉ.(എം.എസ്)229/2015/പൊ.വി.വ. തീയതി.25.08.2015, എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് |
| (ഡി) | ഈ സ്ഥാപനങ്ങൾ എയിഡഡ് ആക്കുകവഴി മാനേജ്മെന്റിന് കോഴ വാങ്ങാൻ കൂട്ടു നിൽക്കുന്ന നടപടി ഒഴിവാക്കി സ്കൂൾ സർക്കാർ ഏറ്റെടുത്ത് മാനേജ്മെന്റിനെ കോഴയിൽ നിന്നും മോചിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നില്ലായെന്ന പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് സവിശേഷ ശ്രദ്ധവേണ്ടി വരുന്ന മേൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകികൊണ്ട് സർക്കാരിന്റെ നിയന്ത്രണം കൊണ്ടുവരുന്നതിനും ഇവർക്കായുള്ള ഭൗതിക പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്. ടി സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1130 — 03.12.2015 ൽ മറുപടിയ്ക്ക്

## ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.എ.വാഹിദ്. | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ? | (ബി) പത്താം തരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വ ശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്ക പഠനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി യുടെ സഹകരണത്തോടെ ഹയർ സെക്കൻഡറി പഠന സാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്.<br>യോഗ്യരും, പരിചയസമ്പന്നരുമായ ഹയർ സെക്കൻഡറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1137 — 03.12.2015-ൽ മറുപടിയ്ക്ക്

### എച്ച്.എസ്.എ ഫിസിക്കൽ സയൻസ്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | 2015 സെപ്റ്റംബർ മാസം നടന്ന എച്ച്.എം. പ്രമോഷൻ വഴി തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിൽ വന്ന ഒഴിവുകൾ എത്രയെന്നു വിശദമാക്കുമോ; | (എ) | 13 (പതിമൂന്ന്) |
| (ബി) | 2014-15 സ്റ്റാഫ് ഫിക്സേഷൻ നടന്ന ശേഷം 2015 ഒക്ടോബർ 15ന് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അധിക എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്നു വിശദമാക്കുമോ; | (ബി) | 3 (മൂന്ന്) |
| (സി) | 2015-16 അദ്ധ്യയന വർഷത്തിൽ പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്നു വിശദമാക്കുമോ; | (സി) | നാല് (4) പേർക്ക് നിയമനം നൽകി. |
| (ഡി) | 2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റാഫ് ഫിക്സേഷനു ശേഷം പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ അധികം വന്ന (വരാൻ സാധ്യതയുള്ള) എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്നു വിശദമാക്കുമോ; | (ഡി) | 2015-16 അദ്ധ്യയന വർഷം തസ്തിക നിർണ്ണയം നടന്നിട്ടില്ല. അധികം വരാൻ സാധ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം കണക്കാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും 2016-17 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി വിരമിക്കുന്ന എച്ച്.എസ്.എ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ എണ്ണം എത്രയെന്നു വിശദമാക്കുമോ; | (ഇ) | 2016-17 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി വിരമിക്കുന്ന എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) അദ്ധ്യാപകരുടെ എണ്ണം;<br>2016 മാർച്ച് - 1<br>2016 ഏപ്രിൽ - 1<br>2016 മെയ് - 2<br>2017 മാർച്ച് - ഇല്ല<br>2017 ഏപ്രിൽ - 1<br>2017 മെയ് - 2 |
| (എഫ്) | 2015-16 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി അധ്യാപകരായി ജോലി ലഭിച്ചത് മൂലം പ്രസ്തുത ജില്ലയിലെ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിൽ നിന്നും അധ്യാപകർ പിരിഞ്ഞ് പോയത് വഴി ഉണ്ടായ ഒഴിവുകൾ എത്രയെന്നു വിശദമാക്കുമോ; | (എഫ്) | 2 (രണ്ട്) |
| (ജി) | പ്രസ്തുത ജില്ലയിൽ 2015-16 വർഷത്തിൽ പി.എസ്.സി.യിലേയ്ക്ക് എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലുള്ള എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ ഡി.ഡി. ഓഫീസിൽ നിന്നും കേരള പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കുമോ? | (ജി) | 2015-16 വർഷം പി.എസ്.സി.യിലേയ്ക്ക് എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി. മുഖേന നേരിട്ട് നിയമിതരായവരുടെ എണ്ണം ആകെ കേഡർ സ്ട്രെങ്തിന്റെ അമ്പത് ശതമാനത്തിൽ കൂടുതൽ ആകയാൽ നിലവിലെ ചട്ടപ്രകാരം പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1144

03.12.2015 ൽ മറുപടിയ്ക്ക്

### എയ്ഡഡ് വിദ്യാലയങ്ങളിലെ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ മേഖലകളിൽ എത്ര വിദ്യാലയങ്ങളെ എയ്ഡഡാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കാമോ; ഇതിനായുണ്ടായ അധികബാധ്യത എത്രയാണ്? | (ബി) | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1147 03/12/2015-ൽ മറുപടിക്ക്

**കണ്ണിന് കാഴ്ച നഷ്ടപ്പെട്ട അധ്യാപികയുടെ മലപ്പുറത്തേക്കുള്ള സ്ഥലം മാറ്റം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ബഷീർ: | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കണ്ണിന് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട ആതിര ഗോപകുമാർ എന്ന അധ്യാപികയ്ക്ക് തൃശ്ശൂർ ജില്ലയിൽ നിന്നാം മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതുമായി ബന്ധപ്പെട്ട 31077/E2/15/G.Edn. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ:<br><br>(ബി) ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ശ്രീമതി ആതിര ഗോപകുമാർ തൃശ്ശൂർ ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിൻമേൽ 2/12/1991 ലെ G.O.(P)No.36/91/P&ARD ഉത്തരവിലെ നടപടി ക്രമത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമമനുസരിച്ച് അപേക്ഷ പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1172 03.12.2015-ൽ മറുപടിയ്ക്ക്

### സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങൾ എയ്ഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയ്ഡഡ് ആക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015, സ.ഉ.(എം.എസ്)229/2015/പൊ.വി.വ. തീയതി.25.08.2015, എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് എയ്ഡഡ് പദവി ലഭിക്കുന്നതിനായുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ തെരെഞ്ഞടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് |
| (ഡി) | പ്രസ്തുത സ്കൂളുകൾ എയിഡഡാക്കുന്നതിലൂടെ യുള്ള കോഴ ആരോപണം ഒഴിവാക്കാൻ സ്കൂളുകൾ സർക്കാർ എറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നില്ലായെന്ന പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് സവിശേഷ ശ്രദ്ധവേണ്ടി വരുന്ന മേൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകികൊണ്ട് സർക്കാരിന്റെ നിയന്ത്രണം കൊണ്ടുവരുന്നതിനും ഇവർക്കായുള്ള ഭൗതിക പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്. ടി സ്കൂളുകൾ സർക്കാർ എറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1174 03.12.2015-ൽ മറുപടിയ്ക്ക്

### സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇല്ലായെങ്കിൽ ഇത്തരത്തിലൊരു തീരുമാനമെടുത്തതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (ബി) | ബാധകമല്ല |

| | | | |
|---|---|---|---|
| (സി) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുള്ളതാണോ; | (സി) & (ഡി) | 15.05.15-ലെ സ.ഉ.(എം.എസ്)115/2015/പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക III-ലെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. മേൽ വ്യവസ്ഥ പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി 25.08.15-ലെ സ.ഉ.(എം.എസ്)229/15/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>1. രക്ഷാകർത്തൃ പ്രതിനിധികൾ<br>2. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>3. സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>4. സ്ഥാപനത്തിലെ പ്രധാനാധ്യാപകൻ<br>5. സ്കൂൾ മാനേജർ<br>6. സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസബിലിറ്റീസ്<br>സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നകാര്യം അടിയന്തിരമായി പരിഗണിച്ച് അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1175 03.12.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനം എന്നു മുതലാണ് നിലവിൽ വന്നത്; | (എ) | സംസ്ഥാനത്ത് അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് മേഖലയിൽ ഇതിനോടകം നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് 15.05.2015-ലെ സ.ഉ.(എം.എസ്)115/2015/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മാനേജ്മെന്റുകൾക്ക് കീഴിലുള്ള എത്ര സ്കൂളുകൾക്കാണ് പുതുതായി എയ്ഡഡ് പദവി നൽകിയിരിക്കുന്നത്; | (ബി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എയ്ഡഡ് പദവി നൽകിയ സ്പെഷ്യൽ സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്; അംഗീകരിച്ച സ്പെഷ്യൽ സ്കൂളുകൾക്കായി പ്രതിവർഷം എന്തു തുക ചെലവഴിക്കേണ്ടി വരും; | (സി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങളാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തീകരിച്ച് ലഭ്യമാകാത്തതിനാൽ അധിക തസ്തികകൾ സംബന്ധിച്ചോ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ചോ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനം പി.എസ്.സി.യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നായിരിക്കുമോ; ഇതിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ? | (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖാന്തിരമായിരിക്കില്ല. ഇതിനായി സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന പ്രത്യേക സെലക്ഷൻ കമ്മിറ്റിയുടെ ഘടന രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1182** **03/12/2015 ൽ മറുപടിക്ക്**

**വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ<br>" ശ്രീ.റ്റി.യു.കുരുവിള | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത് അടുത്ത വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ പരിശീലനവും, നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പരിശീലനവും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. |
| ബി) | ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) | പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷയും പരീക്ഷാഫലവും, അഡ്മിഷനും മറ്റും കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുമോ? | സി) | 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷ, പരീക്ഷാഫലം, അഡ്മിഷൻ എന്നീ കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്ന വിദ്യാഭ്യാസ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1183** **03/12/2015 ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.എം.മാണി | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; ബി) പ്രസ്തുത പദ്ധതികൾക്ക് നാളിതുവരെ എത്ര തുക ചെലവായെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ? | (എ) & (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1200 — 03/12/2015 ൽ മറുപടിയ്ക്ക്

പാഠപുസ്തകങ്ങളുടെ അച്ചടിയും, അടുത്ത വർഷത്തെ പാഠപുസ്തക വിതരണവും

| ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ അധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തകവിതരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | 2015-16 അധ്യയന വർഷത്തിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ വിതരണം കെ.ബി.പി.എസിനെയാണ് ഏൽപ്പിച്ചിരുന്നത്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30.10.2015 നകം പൂർത്തിയായതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ ആവശ്യമുള്ള പക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 07.12.2015 നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്. |
| ബി) | അടുത്ത അധ്യയന വർഷം ഏതെങ്കിലും പാഠപുസ്തകങ്ങൾ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 9 , 10 ക്ലാസുകളിലെ പുസ്തകങ്ങളും രണ്ടാം വർഷ വി.എച്ച്.എസ്.ഇ വൊക്കേഷണൽ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും മാറുന്നുണ്ട്. |
| സി) | അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (സി) | ഗവ. ഉത്തരവ് (കൈ)നം: 281/2015/പൊ.വി. തീയതി: 5.11.2015 ഉത്തരവ് പ്രകാരം 2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9,10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.കൾ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ലഭ്യമായവ കെ.ബി.പിഎസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തെ 7,8ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് തുടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ് ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ്ടു ക്ലാസുകളിലെ പാഠ പുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി കൈകൊണ്ട് വരുന്നു. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1201 — 03.12.2015 ൽ മറുപടിയ്ക്ക്

**ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഇൻകൾക്കേറ്റ് സ്കോളർ ഷിപ്പ് പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാ ർത്ഥികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കാനും ഉത്തമ ശാസ്ത്ര ജ്ഞരെ വാർത്തെടുക്കാനും ലക്ഷ്യം വച്ചുള്ളതാണ് പ്രസ്തുത പദ്ധതി. |
| (സി) സ്കോളർഷിപ്പിന് യോഗ്യ രായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടും 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്ക് തുക അനുവദിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) തുക അനുവദിക്കുന്നതിൽ സംഭവിച്ച വീഴ്ച എന്തു കൊണ്ടാണെന്ന് വ്യക്തമാ ക്കുമോ; സർക്കാർ തന്നെ യോഗ്യത നിർണ്ണയിച്ച് തിരഞ്ഞെടുക്കപ്പെട്ട വിദ്യാ ർത്ഥികൾക്ക് സ്കോളർ ഷിപ്പ് അനുവദിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് തിരഞ്ഞെടു ക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാത്തത്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

03/12/2015-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T1207

## S.S.L.C പരീക്ഷാ ഫലപ്രഖ്യാപനത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ S.S.L.C പരീക്ഷാ ഫലപ്രഖ്യാപനത്തിൽ എന്തെല്ലാം അപാകതകൾ സംഭവിച്ചുവെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) വാല്യുവേഷൻ ക്യാമ്പുകളിൽ നിന്നും മൂല്യനിർണ്ണയം നടത്തി ലഭിച്ച മാർക്കുകൾ സോഫ്റ്റ്‌വെയറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിൽ സാങ്കേതിക പിഴവുകൾ വന്നതുകാരണം ചില ക്യാമ്പുകളിൽ നിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ പൂർണ്ണമായും സർവ്വറിൽ ലഭിച്ചില്ല. ഗ്രേസ് മാർക്കുകൾ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യുന്നതിലും വീഴ്ചകൾ ഉണ്ടായി. പരീക്ഷാ സെന്ററുകളിൽ നിന്നും അബ്സെന്റീസ് സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിലുണ്ടായ കാലതാമസവും പരീക്ഷാ ഭവനിലെ സിസ്റ്റം മാനേജരുടെ പരിചയക്കുറവും ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകൾക്ക് കാരണമായിട്ടുണ്ട്. പരീക്ഷാഭവൻ ജീവനക്കാർ നടത്തിയ പരിശോധനയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ട ഉടൻ ക്യാമ്പ് ഓഫീസർമാരിൽ നിന്നും നേരിട്ട് വിവരങ്ങൾ ശേഖരിച്ച് പൂർണ്ണമായും അപാകതകൾ പരിഹരിച്ചു. |
| (ബി) പ്രസ്തുത വിഷയത്തിൽ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) വീഴ്ചകൾക്കിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. പരീക്ഷഭവനിൽ ഒരു സിസ്റ്റം മാനേജരേയും രണ്ട് അസിസ്റ്റന്റ് സിസ്റ്റം മാനേജർമാരേയും നിയമിക്കുന്നതിന് |

നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം പരീക്ഷ സെക്രട്ടറിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരുടെ ഒരു പാനൽ രൂപീകരിച്ച് അതിൽ നിന്നും നിയമനം നടത്താനും ധാരണ ആയിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1211

03.12.2015-ൽ മറുപടിക്ക്

**എഴുകോൺ പോളിടെക്നിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ എഴുകോൺ പോളിടെക്നിക്കിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ട് ; | (എ) 1)മെക്കാനിക്കൽ എഞ്ചിനീയറിംഗ്<br>2) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്<br>3) കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ് |
| (ബി) പ്രസ്തുത പോളിടെക്നിക്കിൽ അധിക കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾക്കായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ? | (ബി) എഴുകോൺ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്ഥാപനം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1213 — 03.12.2015-ൽ മറുപടിക്ക്

**പോളിടെക്നിക്ക് കോഴ്സുകളുടെ അംഗീകാരം**

| **ചോദ്യം**<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | **മറുപടി**<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ സർക്കാർ പോളിടെക്നിക്ക് കോഴ്സുകളിൽ ഏതൊക്കെ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളാണ് കേരള പി.എസ്.സി. അംഗീകരിക്കാത്തത് ; | (എ) (ബി) & (സി) കേരളത്തിലെ സർക്കാർ പോളിടെക്നിക്കുകളിൽ നടത്തപ്പെടുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് & ബിസിനസ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ ത്രിവത്സര ഡിപ്ലോമ കോഴ്സുകളും പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | |
| (സി) മേൽ സ്ഥാപനങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് & ബിസിനസ് മാനേജ്മെന്റ് എന്ന ത്രിവത്സര എഞ്ചിനീയറിംഗ് കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; | |
| (ഡി) ഈ കോഴ്സുകളുടെ സാദ്ധ്യതകളും പ്രശ്നങ്ങളും പഠിക്കാൻ സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) & (ഇ) ഇതു സംബന്ധിച്ച് പഠിക്കാൻ കമ്മീഷനെ നിയോഗിച്ചിട്ടില്ല |
| (ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ; സമർപ്പിച്ചുവെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1220 03.12.2015-ൽ മറുപടി നൽകേണ്ടത്

### ഭൂരഹിതരായവർക്ക് ഭൂമി നൽകാൻ നടപടി

ചോദ്യം

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എത്ര; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ വിവിധതലത്തിലുള്ള അന്വേഷണം നടത്തി 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. |
| (ബി) | അവർക്ക് ഭൂമി നൽകുന്നതിലേയ്ക്ക് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ആയതിലേയ്ക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്; | അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി മൂന്ന് സെന്റ് ഭൂമി വീതം പ്രസ്തുത പദ്ധതിയിൽ നൽകി വരുന്നു. നാളിതുവരെ 3,59,038 അപേക്ഷകൾ പദ്ധതിയിലേക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) | അപേക്ഷകർക്ക് ഭൂമി നൽകുന്നതിന് ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | പദ്ധതിയുടെ ഒന്നാം ഘട്ട പട്ടയവിതരണം 14 ജില്ലകളിലും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി അനുവദിയ്ക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയവിതരണം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു. |
| (ഡി) | പട്ടയം നൽകിയവർക്ക് ഭൂമി ലഭിച്ചിട്ടുണ്ടോ; അത് അവർ ഉപയോഗിക്കുന്നുണ്ടോ; | പട്ടയം നൽകിയതിനുശേഷം ഭൂമി പതിവ് ചട്ട പ്രകാരമാണ് ഭൂമി കൈമാറുന്നത്. കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ബാധകമല്ലാത്ത മുഴുവൻ ഭൂമിയും കൈമാറി കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | ഭൂമികേരള പദ്ധതി ഉദ്ഘാടനത്തിന് നൽകിയ പട്ടയങ്ങൾക്ക് ഭൂമി ലഭിച്ചിട്ടുണ്ടോ; ഉപഭോക്താക്കൾ ആ ഭൂമി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകളിൽപ്പെട്ടവ ഒഴികെ ബാക്കിയുള്ളവക്കെല്ലാം ഭൂമി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1221 — 03/12/2015 ൽ മറുപടിക്ക്

## ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റവന്യൂ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി ലഭ്യമാക്കുക എന്നതാണ് ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതോടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈൻ ആയി വില്ലേജാഫീസർക്ക്/തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നു. പദ്ധതി വഴി റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കി വരുന്നത്. പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും |

ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചു കിട്ടുകയും, വില്ലേജ്, റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയ ബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, ജാഗ്രതയോടെ സംരക്ഷിക്കുക, വിവേകപൂർവ്വം അവയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുക മുതലായവയാണ് മറ്റു പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ജില്ലാ കളക്ടറേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. നാഷണൽ ഇ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാകുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ തീരുമാനമെടുക്കുന്നതിനും ആർ.ആർ.ഓൺലൈൻ എന്ന സംവിധാനം ഉപയോഗിക്കുന്നു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയും, സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇ ഗവേണൻസിന്റെ മോണിറ്ററിംഗിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഇ ഗവേണൻസ് സൊസൈറ്റികളും, ജില്ലാ ഐ.റ്റി.സെല്ലുകളും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഐ.റ്റി.സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി റവന്യൂ വകുപ്പിൽ വെർചൽ ഐ.റ്റി. കേഡറും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1227 03/12/2015 ൽ മറുപടിക്ക്

## ഹെഡ് സർവ്വേയറന്മാരുടെ വാർഷിക ഇൻക്രിമെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ശശി | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സർവ്വേ വകുപ്പിലെ ഹെഡ് സർവ്വേയറന്മാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഹെഡ് സർവ്വേയർ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് റൂൾ 6 പ്രകാരം ടെസ്റ്റ് യോഗ്യത നേടേണ്ട ആവശ്യമില്ലെന്നും, ഇവരുടെ തടഞ്ഞുവച്ചിട്ടുള്ള വാർഷിക ശമ്പള വർദ്ധനവ് കുടിശ്ശിക അനുവദിച്ചു നൽകണമെന്നുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/09/2014 ലെ ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച OP(KAT) 79/15, 81/15, 83/15, 89/15, 88/15, 90/15, 96/15 എന്നീ അപ്പീൽ ഹർജികൾ 20/10/2015 ന് തള്ളി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധി നടപ്പാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ? | (ബി) | ഫയൽ സമയബന്ധിതമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1230 03/12/2015 ൽ മറുപടിക്ക്

## പോക്കുവരവ് നടപടികൾ ഓൺലൈൻ ആക്കുന്നത്

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

(എ) ഭൂമി കൈമാറ്റം ചെയ്യുമ്പോൾ പോക്ക്‌വരവ് നടപടികളിൽ കാലതാമസം നേരിടുന്നതിനാൽ ഇവയുടെ നടപടിക്രമം ഓൺലൈനാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ ;

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഉണ്ട്.

ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂമിയുടെ കൈമാറ്റ പോക്കുവരവുനടപടികൾ വേഗത്തിലും സുതാര്യമാക്കുന്നതിനും വേണ്ടി സംയോജിത ഓൺലൈൻ പോക്ക്‌വരവ് പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ തുടക്കം കുറിച്ചു. ഇത് സംസ്ഥാനത്ത് ഒട്ടാകെ നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open PEARL – Open Package for Effective Administration of Registration Laws) എന്ന സോഫ്റ്റ് വെയറും റെലിസ് Ver.2 ഉം തമ്മിൽ വെബ്സർവീസ് മുഖേന ബന്ധപ്പെടുത്തിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്നത്. ആയതു പ്രകാരം ഓപ്പൺ പേൾ വഴി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ ഉടൻതന്നെ ആവശ്യമായ വിശദാംശങ്ങൾ സഹിതം പോക്കുവരവിനായി ബന്ധപ്പെട്ട വില്ലേജാഫീസർക്ക് ഓൺലൈനായി ലഭ്യമാകുകയും ചെയ്യും. വില്ലേജ് ഓഫീസർ ആവശ്യമായ രേഖകൾ/പ്രമാണങ്ങൾ പരിശോധിച്ച് പോക്കുവരവ് അനുവദിക്കുകയോ സബ്ഡിവിഷനുവേണ്ടി ബന്ധപ്പെട്ട തഹസിൽദാർക്ക് ഓൺലൈനായിത്തന്നെ അയച്ചുകൊടുക്കുകയോ ചെയ്യും. പോക്കുവരവ് അനുവദിച്ച വിവരവും അധികമായ പ്രമാണങ്ങൾ

ആവശ്യമുണ്ടെങ്കിൽ അക്കാര്യവും അപേക്ഷകനെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തുടക്കത്തിൽ എവിടെയെല്ലാമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും സംസ്ഥാനത്ത് മുഴുവൻ ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

(ബി) സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. റെലിസ് Ver.1 ഉപയോഗിച്ചുകൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് 15.09.2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വില്ലേജുകളും ഉടൻ തന്നെ റെലിസ് Ver.2 ലേക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ.) നം. 575/2015/റവ തീയതി 17.10.2015 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുംപ്പെട്ട 420 വില്ലേജുകളിലേക്കുകൂടി ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ